**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3594** **02-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേൾവി ശക്തിയില്ലാത്ത കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിന് സഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; 2016-ന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കേൾവി ശക്തി ഇല്ലാത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കേൾവി/സംസാര ശേഷി ലഭ്യമാക്കുന്ന ‘ശ്രുതിതരംഗം’ പദ്ധതി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കുന്നുണ്ട്. ശ്രുതിതരംഗം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നില്ല. സർജറിയ്ക്ക് ആവശ്യമായ ഇംപ്ലാന്റ് കമ്പനിയിൽ നിന്നും വാങ്ങി ആശുപത്രികൾക്ക് ലഭ്യമാക്കുകയാണ് ചെയ്തു വരുന്നത്. 2016-17 മുതൽ നാളിതുവരെ ഉള്ള പദ്ധതി ഗുണഭോക്താക്കളുടെ വിവരം **അനുബന്ധം-I** ആയി ചേർക്കുന്നു. |
| (ബി) | സ്നേഹപൂർവ്വം പദ്ധതി നിലവിലുണ്ടോ; 2016- ന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | സ്നേഹപൂർവ്വം പദ്ധതി നിലവിലുണ്ട്. 2016-ന് ശേഷം സ്നേഹപൂർവ്വം പദ്ധതി പ്രകാരം 222741 പേർക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനായി 12814. 41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 30538 അപേക്ഷകൾ പരിഗണനയിലുണ്ട്. |
| (സി) | സമാശ്വാസം പദ്ധതി നിലവിലുണ്ടോ; 2016- ന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | കേരളസാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സമാശ്വാസം പദ്ധതി നിലവിലുണ്ട്. 2016 -ന ശേഷം പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതു സംബന്ധിച്ച വിശദാംശം **അനുബന്ധം-II** ആയി ചേർക്കുന്നു. |
| (ഡി) | ആശ്വാസകിരണം പദ്ധതി നിലവിലുണ്ടോ; 2016-ന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | കേരളസാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി നിലവിലുണ്ട്.2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്കായി 9,86,20,800/- രൂപ ചെലവഴിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, |

| | | | |
|---|---|---|---|
| | | | പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ ഇതുവരെ 62282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2016 -ന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുള്ളവരുടെ വർഷം തിരിച്ചുള്ള എണ്ണം **അനുബന്ധം-III** ആയി ചേർക്കുന്നു. |
| (ഇ) | താലോലം പദ്ധതി നിലവിലുണ്ടോ; 2016- ന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ? | (ഇ) | ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ ചികിത്സയാണ് അനുവദിക്കുന്നത്. ചികിത്സക്ക് ആവശ്യമായ തുക ബന്ധപ്പെട്ട ആശുപത്രികൾക്കാണ് നൽകുന്നത്. ചികിത്സിക്കുന്ന ആശുപത്രി യിൽ സേവനത്തിൽ ഉള്ള കൗൺസിലർ മുഖേനെ പദ്ധതി സേവനം ലഭിക്കുന്നതാണ്. പരിഗണയിൽ ഉള്ള അപേക്ഷയുടെ വിശദാംശം ബന്ധപ്പെട്ട ആശുപത്രിയിലാണ് സൂക്ഷിക്കുന്നത്. 2016-17 മുതൽ ആശുപത്രികൾക്ക് അനുവദിച്ച നൽകിയ തുകയുടെ വിശദാംശം **അനുബന്ധം-IV** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

| ക്രമ നം | സാമ്പത്തിക വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 2016-17 | 109 |
| 2 | 2017-18 | 102 |
| 3 | 2018-19 | 112 |
| 4 | 2019-20 | 108 |
| 5 | 2020-21 | 118 |
| 6 | 2021-22 | 96 |
| 7 | 2022-23 (2023 February 15 വരെ) | 106 |

02-02-2023 ന നടന്ന പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് ശേഷം ലഭിച്ച 8 അപേക്ഷകൾ പരിഗണിക്കുന്നതിന് ബാക്കിയുണ്ട്.

# <u>അനുബന്ധം- II</u>

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2016-17 | 565 ലക്ഷം | 7203 |
| 2017-18 | 1327.88 ലക്ഷം | 10482 |
| 2018-19 | 544 ലക്ഷം | 9354 |
| 2019-20 | 261.12 ലക്ഷം | 9554 |
| 2020-21 | 1376.95 ലക്ഷം | 8374 |
| 2021-22 | 499.40 ലക്ഷം | 2662 |
| 2022-23 | 329.65 ലക്ഷം | 2826 (2022 ഒക്ടോബർ വരെ) |

പുതിയ അപേക്ഷകളൊന്നും നിലവിൽ പരിഗണിച്ചിട്ടില്ല.

## അനുബന്ധം- III

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2016-17 | 8270.52 ലക്ഷം | 90251 |
| 2017-18 | 7365.13 ലക്ഷം | 102952 |
| 2018-19 | 4200.69 ലക്ഷം | 120301 |
| 2019-20 | 4159.99 ലക്ഷം | 113717 |
| 2020-21 | 9812.04 ലക്ഷം | 114188 |
| 2021-22 | 3965 ലക്ഷം | 96086 |
| 2022-23 | 986.208 ലക്ഷം | 34965 |

## അനുബന്ധം-IV

| ക്രമ നം | ആശുപത്രിയുടെ പേര് | ആശുപത്രികൾക്ക് അനുവദിച്ച തുക (2023 February 20 വരെ) |
|---|---|---|
| 1 | RCC, Trivandrum | 45,00,000/- |
| 2 | SCTIMST, Trivandrum | 34,78,37,000/- |
| 3 | SAT, Trivandrum | 1,45,00,000/- |
| 4 | MCH, Trivandrum | 25,00,000/- |
| 5 | MCH, Kottayam | 1,59,07,442/- |
| 6 | IMCH, Kottayam | 5,00,000/- |
| 7 | MCH, Alappuzha | 35,00,000/- |
| 8 | MCH, Thrissur | 1,35,00,000/- |
| 9 | Chest Hospital Thrissur | 57,183/- |
| 10 | MCH, Kozhikode | 4,65,00,000/- |
| 11 | IMCH, Kozhikode | 35,00,000/- |
| 12 | GMCH, Ernakulam | 0 |
| 13 | Pariyaram MCH | 1,05,00,000/- |
| 14 | MCC, Kannur | 56,00,000/- |
| 15 | District Hospital, Kasargod | 0 |
| | **TOTAL** | **46,89,01,625/-** |